# പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

07.02.2018-ന് മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 3002

## വെഞ്ഞാറമ്മൂട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ മികവിന്റെ കേന്ദ്രമാക്കി വികസിപ്പിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഡി.കെ. മുരളി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വാമനപുരം നിയോജക മണ്ഡലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്ന സ്കൂളുകളുടെ പട്ടികയിൽ ചേർക്കുന്നതിന് നിർദ്ദേശിച്ചിരുന്ന വെഞ്ഞാറമ്മൂട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചുവോ; | (എ) ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) തുടർപ്രവർത്തനങ്ങൾ വിശദീകരിക്കാമോ; | (ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി മികവിന്റെ കേന്ദ്രമായി വികസിപ്പിക്കുന്നതിന് വാമനപുരം നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള വെഞ്ഞാറമ്മൂട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് ഭരണാനുമതിയും അപ്രകാരം കിഫ്ബി മുഖേന 4.86 കോടി (നാലുകോടി എൺപത്തിയാറ് ലക്ഷം രൂപ) രൂപയുടെ സർക്കാർ ധനസഹായവും ലഭ്യമായിട്ടുണ്ട്. പ്രസ്തുത സ്കൂളിന്റെ പദ്ധതിയുടെ നിർവ്വഹണത്തിനായുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസി'നെ തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. 2018 മദ്ധ്യവേനലവധിക്കാലത്ത് തന്നെ പദ്ധതി നിർവ്വഹണം ആരംഭിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

| | |
|---|---|
| (സി) ഏത് ഏജൻസി വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്; വിശദവിവരങ്ങൾ നൽകാമോ; | (സി) പദ്ധതി നിർവ്വഹണത്തിനായുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസി'നെ തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. |
| (ഡി) പദ്ധതി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഡി) 2019 വർഷത്തിൽ പദ്ധതി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ